# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- പട്ടാമ്പി മുനിസിപ്പാലിറ്റിയിലെ ഫുൾടൈം സ്വീപ്പർ ശ്രീമതി. നിർമ്മല. എം ന് 19.01.2016 മുതൽ 27.05.2016 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സഉ (സാധാ) നം.**2728/2016**/തസ്വഭവ          തീയതി,തിരുവനന്തപുരം,**24/09/2016**

---

പരാമർശം:- (1) ശ്രീമതി. നിർമ്മല. എം ന്റെ 14.01.2016-ലെ ശൂന്യവേതനാവധി അപേക്ഷ.
(2) ശ്രീമതി. നിർമ്മല. എം ന്റെ 21.01.2016-ലെ അപേക്ഷ.
(3) പഞ്ചായത്ത് ഡയറക്ടറുടെ 18.03.2016-ലെ ഇ 9-6363/16 നം. കത്ത്.
(4) സ.ഉ (പി) നം. 02/2016/ധന, തീയതി 12.01.2016.

## ഉത്തരവ്

പട്ടാമ്പി മുൻസിപ്പാലിറ്റിയിലെ ഫുൾടൈം സ്വീപ്പർ ശ്രീമതി. നിർമ്മല. എം ജനറ്റിക് പാരന്റായതിനാൽ നവജാത ശിശുക്കളെ പരിചരിക്കുന്നതിനായി 19.01.2016 മുതൽ 27.05.2016 വരെ ശൂന്യവേതനാവധി അനുവദിക്കാൻ പരാമർശം (1) പ്രകാരം അപേക്ഷിച്ചു. ശ്രീമതി. നിർമ്മല. എം 30.11.2015 മുതൽ 18.01.2016 വരെ 50 ദിവസത്തെ ആർജ്ജിതാവധി എടുത്തതായും തുടർന്ന് കുഞ്ഞുങ്ങളെ പരിചരിക്കുന്നതിന് 19.01.2016 മുതൽ 27.05.2016 വരെ 130 ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിന് അപേക്ഷിച്ചുവെങ്കിലും ശൂന്യവേതനാവധി സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാൽ 30.11.2015 മുതൽ 27.05.2016 വരെ 180 ദിവസം മാതൃത്വ അവധിയായി അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം ടിയാൾ അപേക്ഷിച്ചു.

ശ്രീമതി. നിർമ്മല. എം ന്റെ അപേക്ഷ പരിഗണിച്ച് ടിയാൾക്ക് മാതൃത്വ അവധിയോ ശിശുദത്താവധിയോ അനുവദിക്കാൻ കഴിയുമോയെന്ന സ്പഷ്ടീകരണം ലഭ്യമാക്കണമെന്നും ആയത് അനുവദിക്കാൻ കഴിയില്ലെങ്കിൽ ശൂന്യവേതനാവധി അനുവദിക്കുകയോ ചെയ്യണമെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസവതീയതി 02.12.2015 ആയതിനാൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ശ്രീമതി. നിർമ്മല. എം ന് പരാമർശം (4)-ലെ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ജനറ്റിക് മദറിന് അവകാശപ്പെട്ട മാതൃത്വ അവധിയ്ക്ക് അർഹതയില്ല. കൂടാതെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ശിശുദത്ത അവധിയ്ക്കും ടിയാൾക്ക് അർഹതയില്ല. ആയതിനാൽ മേൽ പരാമർശം (1)-ലെ അപേക്ഷ പരിഗണിച്ച്, പട്ടാമ്പി മുനിസിപ്പാലിറ്റിയിലെ ഫുൾടൈം സ്വീപ്പറായ ശ്രീമതി. നിർമ്മല. എം ന് കേരള സർവ്വീസ്

റൂൾസ്, പാർട്ട്-1 ചട്ടം 88 പ്രകാരം 19.01.2016 മുതൽ 27.05.2016 വരെ താഴെപ്പറയുന്ന വ്യവസ്ഥയ്ക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

മേൽ ശൂന്യവേതനാവധിയുടെ കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധിയുടെ കണക്കാക്കൽ എന്നിവയ്ക്ക് പരിഗണിക്കുകയില്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല.സി.എസ്
അണ്ടർ സെക്രട്ടറി

ശ്രീമിതി. നിർമ്മല. എം, ഫുൾടൈം സ്വീപ്പർ, പട്ടാമ്പി മുൻസിപ്പാലിറ്റി (സെക്രട്ടറി, പട്ടാമ്പി മുൻസിപ്പാലിറ്റി മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
സെക്രട്ടറി, പട്ടാമ്പി മുൻസിപ്പാലിറ്റി.
ധനകാര്യ വകുപ്പ് (E.253910/RB2/2016/Fin, തീയതി 01.07.2016 പ്രകാരം)
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് (ഫയൽ നം. ഇ.പി.എ 2/81/2016/തസ്വഭവ)/ കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ